(സി) താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് ടൂറിസം ഡിപ്പാർട്ടുമെന്റിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസം വകുപ്പിൽ 95 പേരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ, ടൂറിസം ഗ്യാരേജ്, സെൻട്രൽ സ്റ്റോർ എന്നിവിടങ്ങളിലാണ് താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ഇങ്ങനെ നിയമിച്ച ജീവനക്കാരുടെ പേരുവിവരങ്ങൾ † അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി ആന്റ് ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

ആദിവാസികൾക്കായുള്ള വികസന പ്രവർത്തനങ്ങൾ

114 [1800] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികൾക്കായുള്ള വികസന പ്രവർത്തനങ്ങൾക്കുള്ള ഊരുകൂട്ടങ്ങളുടെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) ഊരുകൂട്ടത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കണ്ണവം, നരിക്കോട്മല, ബങ്കളം, മുണ്ടയോട്, പാത്തിക്കൽ തുടങ്ങിയ ആദിവാസി കേന്ദ്രങ്ങളിൽ എത്ര ഊരുകൂട്ടങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഊരുകൂട്ടങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ സഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം പ്രവർത്തികൾക്കാണ് ധനസഹായം നൽകിയത് എന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഊരുകൂട്ടങ്ങളുടെ ചുമതലകൾ സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ ഉത്തരവ് † അനുബന്ധം 1 ആയി വയ്ക്കുന്നു.

(ബി) കണ്ണവം, ബങ്കളം, മുണ്ടയോട് എന്നീ കോളനികളും മറ്റ് ചെറിയ പട്ടികവർഗ്ഗ ആവാസകേന്ദ്രങ്ങളും ഉൾപ്പെടുത്തി പാട്യം പഞ്ചായത്തിൽ 4 ഊരുകൂട്ടങ്ങളും തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ നരിക്കോട്മല, പാത്തിക്കൻ കോളനികളും മറ്റ് ചെറിയ കോളനികളും ഉൾപ്പെടുത്തി രണ്ട് ഊരുകൂട്ടങ്ങളും രൂപീകരിച്ചു.

(സി) ഊരുകൂട്ടങ്ങളുടെ പ്രവർത്തനങ്ങൾക്കുവേണ്ടി 3 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഊരുകൂട്ടങ്ങൾക്കുവേണ്ടി പരിശീലനം നൽകുന്നതിനും ഊരുകൂട്ടങ്ങൾ കൂടുന്നതിനും വേണ്ടി തുക ട്രഷറിയിൽനിന്നും മാറ്റിയെടുത്തുവെങ്കിലും സർക്കാരിന്റെ പ്രത്യേക ഉത്തരവ് അനുസരിച്ച് തുക മുഴുവനായും തിരിച്ചടയ്ക്കേണ്ടിവന്നു.

(ഡി) ബാധകമല്ല.

അവിവാഹിതരായ ആദിവാസി അമ്മമാരെ പുനഃരധിവസിപ്പിക്കുന്നതിന് നടപടി

115 [1801] ശ്രീ. എം. മുരളി:

,, എഴുകോൺ നാരായണൻ:

,, കെ. സി. വേണുഗോപാൽ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിവാഹിതരായ എത്ര ആദിവാസി അമ്മമാരുണ്ട്;

(ബി) അവരുടെ ക്ഷേമപ്രവർത്തനത്തിനും അവരെ പുനഃരധിവസിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളുണ്ട്;

(സി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ കുട്ടികളുടെ പിതാക്കൻമാരെ കണ്ടെത്തുന്നതിനും മാതാവിനേയും കുട്ടിയേയും അവരെ ഏൽപ്പിച്ച് അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ എടുത്തു വരുന്നു എന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly